വന്യജീവി ആക്രമണത്താൽ കൃഷിനാശം

287 (291) ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനാതിർത്തിയോടുചേർന്ന് എത്രമാത്രം കൃഷിഭൂമി ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടുന്നത് ;

(ബി) വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് വനം വകുപ്പിൽ നിന്നും ലഭ്യമാക്കുന്നത് ;

(സി) കൃഷിനാശത്തിന്റെ തോതനുസരിച്ച് ഓരോ വിളവിനും സംഭവിച്ച നാശ നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; ഇത് സംബന്ധിച്ചുള്ള ഏറ്റവും പുതിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) വന്യജീവി ആക്രമണംകാരണം ഒരു വർഷം ശരാശരി എത്ര ഹെക്ടർ ഭൂമിയിലെ എത്ര രൂകയ്ക്കുള്ള കൃഷിനാശം സംഭവിക്കുന്നതായാണ് കണക്കാക്കപ്പെട്ടുന്നത് ;

(ഇ) 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് എത്ര രൂക വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വനാതിർത്തിയോടുചേർന്നു കിടക്കുന്ന കൃഷിഭൂമിയുടെ കണക്ക് എത്രയെന്ന് അളന്നു തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 02/2015/വനം തീയതി 8-1-2015 (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*) പ്രകാരമുള്ള വില നിലവാരം അടിസ്ഥാനമാക്കി ഓരോ കേസ്സിനും നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) എന്ന നിരക്കിൽ വർഷത്തിൽ പരമാവധി 4 തവണ നഷ്ടപരിഹാരം നൽകുന്നു.

(സി) ഇതു സംബന്ധിച്ചുള്ള ഏറ്റവും പുതിയ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 02/2015/വനം തീയതി 8-1-2015 പ്രകാരം കൃഷിനാശം സംഭവിച്ച ഓരോ വിളവിനും നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ച നിരക്കുകൾ അനുബന്ധം-1 ആയി ചേർക്കുന്നു.* സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉത്തരം (സി) യിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം ഭൂരിഭാഗം കാർഷിക വിളകളുടെയും നഷ്ടം കണക്കാക്കുന്നത് നാശം സംഭവിച്ച വിളകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ്. ആയതിനാൽ ഇത്തരത്തിലുള്ള വിവരശേഖരണം ലഭ്യമല്ല.

(ഇ) 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

സാമ്പത്തികവർഷം	നഷ്ടപരിഹാരം നൽകിയ തുക (രൂപയിൽ)
2011-12	27191059
2012-13	27375594
2013-14	42510199
2014-15	39209607

പുനലൂർ നിയോജകമണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കേണ്ട പ്രവൃത്തികൾ

288 (292) ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ, എം.എൽ.എ. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് 2014-15 വർഷത്തിൽ ഉൾപ്പെടുത്തി വനം വകുപ്പുമുഖേന നടപ്പിലാക്കേണ്ട പുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

1. തൊടിയിൽകണ്ടം-ഓലപ്പാറ വലിയ തോടിന് കുറുകെ ചപ്പാത്ത് നിർമ്മാണം.
2. അച്ചൻകോവിൽ-കഴുതുരുട്ടി-പ്രിയാ എസ്റ്റേറ്റ് റോഡ് കോൺക്രീറ്റ്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. സമർപ്പിച്ചിട്ടുള്ള കത്തുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സദയം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly